©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 15** Vol. XV | **തിരുവനന്തപുരം, വ്യാഴം** Thiruvananthapuram, Thursday | **2026 സെപ്റ്റംബർ 10** 10th September 2026 **1202 ചിങ്ങം 25** 25th Chingam 1202 **1948 ഭാദ്രം 19** 19th Bhadra 1948 | **നമ്പർ** No. **2453** |

### രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം

### വിജ്ഞാപനം

നമ്പർ IGR/330/2026- L1 *തീയതി, തിരുവനന്തപുരം 09-09-2026*

1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 25 ഉപചട്ടം (1) പ്രകാരമുള്ള ആധാരം തയ്യാറാക്കൽ ലൈസൻസിനുള്ള പരീക്ഷ 2026 സെപ്തംബർ മാസം12-ാം തീയതി നടത്തുന്നതിന് നിശ്ചയിച്ചുകൊണ്ട് 22.01.2026 ൽ I GR/330/26/L1 നമ്പരായി പുറപ്പെടുവിച്ച ഉത്തരവ് കേരളാ സർക്കാരിന്റെ 23.01.2026 ലെ 299-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത വിജ്ഞാപനത്തിലെ ഖണ്ഡിക 18 ലെ അധികാരം വിനിയോഗിച്ച് ചുവടെ ചേർക്കുന്ന ഭേദഗതി വരുത്തി പുനർ വിജ്ഞാപനം ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ ഗസറ്റ് വിജ്ഞാപനത്തിലെ ഖണ്ഡിക 1, 3 എന്നിവ പ്രകാരം 2026 സെപ്തംബർ മാസം 12-ാം തീയതിയാണ് പരീക്ഷാ തീയതിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ മുൻ നിശ്ചയിച്ച പ്രകാരം പരീക്ഷ നടത്തുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ പരീക്ഷാ തീയതി 2027 ജനുവരി മാസം 10-ാം തീയതി ഞായറാഴ്ച രാവിലെ 11 മണി മുതൽ 1.30 വരെ നടത്തുന്നതിന് നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അതോടൊപ്പം ഖണ്ഡിക 4 കൂടുതൽ വ്യക്തത വരുത്തി ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്യുന്നു.

4. പരീക്ഷയ്ക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കും:

ഭാഗം 1 -1959-ലെ കേരള മുദ്രപ്പത്ര നിയമവും 1908-ലെ രജിസ്ട്രേഷൻ നിയമവും 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളും അനുബന്ധ വിഷയങ്ങളും അധികരിച്ചുള്ള ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങൾ. (100 മാർക്ക്)

ഭാഗം 2 - ആധാരങ്ങളുടെ നക്കൽ തയ്യാറാക്കൽ (100 മാർക്ക്)

(ഒപ്പ്)

രാജേഷ് ഗോപാലൻ

*രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ*

*(ലൈസൻസിംഗ്)*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.10 11:08:40 +05:30